പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

08-06-2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1619

## മാവേലിക്കര നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

<table>
<tr>
<td>(എ)</td>
<td>ഓണാട്ടുകര വികസന ഏജൻസിയുടെ സഹായത്തോടെ ഏതെല്ലാം പുതിയ പദ്ധതികളാണ് മാവേലിക്കര നിയോജക മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്നും വകയിരുത്തിയ തുക എത്രയെന്നും<br>വിശദമാക്കാമോ;</td>
<td>(എ)</td>
<td>ഓണാട്ടുകര പ്രദേശത്തെ വിളകളുടെ സമഗ്ര വികസനത്തിനായി താഴെപറയുന്ന പദ്ധതികൾ ഓണാട്ടുകര വികസന ഏജൻസി തയ്യാറാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഓണാട്ടുകര പ്രദേശത്ത് മാവേലിക്കര, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങൾ ഉൾപ്പെടുന്നു. മാവേലിക്കരയ്ക്ക് മാത്രമായി പദ്ധതികൾ സമർപ്പിച്ചിട്ടില്ല. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>വികസന പദ്ധതികൾ</th><th>തുക (ലക്ഷം)</th></tr>
<tr><td>1</td><td>ഓണാട്ടുകര പ്രദേശത്തെ എള്ള് കൃഷി വികസന പദ്ധതി</td><td>81.6</td></tr>
<tr><td>2</td><td>ഓണാട്ടുകര പ്രദേശത്തെ കിഴങ്ങ് വർഗ്ഗ കൃഷി വികസന പദ്ധതി</td><td>162.225</td></tr>
<tr><td>3</td><td>ഓണാട്ടുകര പ്രദേശത്തെ പയർകൃഷി വികസന പദ്ധതി</td><td>35.875</td></tr>
<tr><td>4</td><td>ഓണാട്ടുകര പ്രദേശത്തെ വാഴ കൃഷി വികസന പദ്ധതി</td><td>235.2375</td></tr>
<tr><td>5</td><td>ഓണാട്ടുകര പ്രദേശത്തെ മഞ്ഞൾ കൃഷി വികസന പദ്ധതി</td><td>43.75</td></tr>
<tr><td>6</td><td>ഓണാട്ടുകര പ്രദേശത്തെ ഇഞ്ചി കൃഷി വികസന പദ്ധതി</td><td>32.1875</td></tr>
<tr><td>7</td><td>ഓണാട്ടുകര പ്രദേശത്തെ വെറ്റില കൃഷി വികസന പദ്ധതി</td><td>51.0</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>8</td><td>ഓണാട്ടുകര പ്രദേശത്തെ പ്ലാവ് കൃഷി വികസന പദ്ധതി</td><td>9.27</td></tr>
<tr><td>9</td><td>ഓണാട്ടുകര പ്രദേശത്തെ പപ്പായ കൃഷി വികസന പദ്ധതി</td><td>2.38</td></tr>
<tr><td>10</td><td>ഓണാട്ടുകര പ്രദേശത്തെ കുടംപുളി കൃഷി വികസന പദ്ധതി</td><td>8.07837</td></tr>
<tr><td>11</td><td>ഓണാട്ടുകര പ്രദേശത്തെ തെങ്ങിന്റെ കീടരോഗ നിയന്ത്രണം വികസന പദ്ധതി</td><td>701.585</td></tr>
<tr><td>12</td><td>ഓണാട്ടുകര പ്രദേശത്തെ കുരുമുളക് കൃഷി വികസന പദ്ധതി</td><td>7.75</td></tr>
</table>
തഴവ വട്ടക്കായലിൽപ്പെട്ട 220 ഹെക്ടർ തരിശ്ശു കൃഷിയ്ക്കും, ഓണാട്ടുകര പ്രദേശത്തെ എള്ള്, പയർകൃഷിയ്ക്കും ഫണ്ട് അനുവദിക്കുകയും കൃഷി നടപ്പാക്കുകയും ചെയ്തു. ഓണാട്ടുകര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായും തുക അനുവദിച്ചു. ഇപ്രകാരം നെൽകൃഷി വികസനം, പയർവർഗ്ഗ വികസനം, പ്രാദേശിക വിള വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 124.5 ലക്ഷം രൂപ ഓണാട്ടുകര പ്രദേശത്തെ വികസനത്തിനായി നൽകിയിട്ടുണ്ട്.
</td>
</tr>
<tr>
<td>(ബി)</td>
<td>പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?</td>
<td>(ബി)</td>
<td>നബാർഡിന്റെ ആർ.ഐ.ഡി.എഫ് 22 സ്കീമിൽ ഉൾപ്പെടുത്തി ഓണാട്ടുകര മേഖലയിൽ, മാവേലിക്കര താലൂക്കിൽ ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിൽ ആല്വംമൂട്ടിൽ ചെന്തിട്ട പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 37.42 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കെ.എൽ.ഡി.സി-ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആവശ്യമുള്ള സ്ഥലങ്ങളിൽ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് ടി പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.<br><br>ഓണാട്ടുകര പ്രദേശത്തെ, നെൽകൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖല (SAZ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നെൽകൃഷിയുടെ അടിസ്ഥാന</td>
</tr>
</table>

| | | | |
|---|---|---|---|
| | | | സൗകര്യ വികസനത്തിനായി മാവേലിക്കര നിയോജക മണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളും ഉൾപ്പെടുത്തി 94 കോടി രൂപയുടെ സമഗ്ര പദ്ധതി ഓണാട്ടുകര വികസന ഏജൻസി തയ്യാറാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ